Sect. 37. 3/525/2009/1 Lakh GPM. © Govt. of Kerala

2306 6596/09

# GOVERNMENT OF KERALA

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ/മറ്റു പിന്നാക്ക/മുന്നാക്ക വിഭാഗത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെവരുമാനമുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം-പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

സർക്കാർ ഉത്തരവ് (സാധാ)നംപർ.633/2010/പൊ.വി തീയതി, തിരുവനന്തപുരം.09.02.2010

---

പരാമർശം ;- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11.11.2009 ലെ
എൻ1/47034/09/ഡി പി ഐ നമ്പർ കത്ത്

**ഉത്തരവ്**

മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ/മറ്റു പിന്നാക്ക/മുന്നാക്ക വിഭാഗത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെവരുമാനമുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണവുമായി നിലവിൽ അനുഭവപ്പെടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് പരാമർശത്തിലെ കത്ത് മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ പ്രകാരം സംസ്ഥാന സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ അനുഭവപ്പെടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ താഴെപറയുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 **സ്കോളർഷിപ്പ് തുക** വിതരണം വിദ്യാഭ്യാസ വകുപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം വഴി നിർവ്വഹിക്കാം.

2. സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിച്ച് സ്കൂൾ അധികൃതർ അംഗീകാരം വാങ്ങേണ്ടതാണ്.

3. തുക വിതരണം ചെയ്തുകഴിഞ്ഞാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഇങ്ങനെ അറിയിക്കുന്ന ഘട്ടത്തിൽ ധന വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പും തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും നൽകേണ്ടതാണ്.

4. സ്കോളർഷിപ്പിന് അർഹത നേടിയവരുടെ പേര്, വിലാസം, സ്കോളർഷിപ്പ് ഇനം, തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തി സുതാര്യമാക്കണം. അതിനുള്ള പ്രവർത്തനങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് അടുത്ത അക്കാദമിക വർഷം ആരംഭിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ജെയിംസ് വർഗ്ഗീസ്**
**സെക്രട്ടറി**

പി എ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (DEO, Thrissur)
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഉപ ഡയറക്ടർമാർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ്
(ഇതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്)
ബഹു.വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കരുതൽ ശേഖരം/ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ